**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി - ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകേണ്ട പലിശ കുടിശ്ശിക- അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

**സ.ഉ(കൈ)നം.167/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 13.11.2018**

================================================================

പരാമർശം:- 1. സഹകരണ സംഘം രജിസ്ട്രാറുടെ 27.11.2017-ലെ സി.ബി.(1)26778/13 നമ്പർ കത്ത്.

2. 31.03.2018-ലെ സ.ഉ.(സാധാ)നം.936/2018/തസ്വഭവ നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പാവപ്പെട്ട ഭവനരഹിതർക്ക് വീടും, ഭൂരഹിത ഭവനരഹിതർക്ക് സ്ഥലവും വീടും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിക്കായി ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ അനുവദിച്ചിരുന്നു. ഇ.എം.എസ്. ഭവന വായ്പാ പദ്ധതിക്കായി മുതൽ സംഖ്യ 10 തുല്യ ഗഡുക്കളായി ഗ്രാമപഞ്ചായത്തും പലിശ സർക്കാരും അടച്ച് തീർക്കണമെന്ന വ്യവസ്ഥയിലാണ് ഇപ്രകാരം വായ്പ അനുവദിച്ചത്. എന്നാൽ സർക്കാർ വിവിധ ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകേണ്ട പലിശയുടെ കുടിശ്ശിക നൽകിയിട്ടില്ലാത്തതിനാൽ സഹകരണ ബാങ്കുകൾ നൽകിയ മുഴുവൻ തുകയും നിഷ്ക്രിയ ആസ്തിയായി മാറിയിരിക്കുകയാണെന്നും തുടർച്ചയായി ലഭിക്കേണ്ട പലിശ ലഭിക്കാത്തതിനാൽ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി ഗണ്യമായി വർദ്ധിക്കുകയും കേരള ബാങ്ക് രൂപീകരണത്തിനായി ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തികൾ പരമാവധി കുറയ്ക്കേണ്ട സാഹചര്യത്തിൽ പലിശയായി ലഭിക്കേണ്ട തുക ജില്ലാ സഹകരണ ബാങ്കുകൾക്ക് താഴെപ്പറയുന്ന ക്രമത്തിൽ അനുവദിക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ പരാമർശം ഒന്നിലെ കത്ത് പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

| ക്രമ നം | ജില്ലാ സഹകരണ ബാങ്ക് | ലഭ്യമാകേണ്ട പലിശ (കോടിയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 15.98 |
| 2 | കൊല്ലം | 2.2 |
| 3 | പത്തനംതിട്ട | 2.36 |
| 4 | ആലപ്പുഴ | 10.32 |
| 5 | കോട്ടയം | 1.1 |
| 6 | ഇടുക്കി | 17.09 |
| 7 | എറണാകുളം | 4.28 |
| 8 | തൃശ്ശൂർ | 0.0005 |
| 9 | പാലക്കാട് | 5.13 |
| 10 | മലപ്പുറം | 0.26 |
| 11 | കോഴിക്കോട് | 5.84 |
| 12 | വയനാട് | 6.5 |

| | | |
|---|---|---|
| 13 | കണ്ണൂർ | 0.73 |
| 14 | കാസർഗോഡ് | 2.89 |
| | **ആകെ** | **74.6805 കോടി രൂപ** |

2. സഹകരണ സംഘം രജിസ്ട്രാർ ചൂണ്ടികാണിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾക്ക് ആനുപാതികമായി കുടിശ്ശിക പലിശയിനത്തിൽ വിതരണം ചെയ്യുന്നതിനായി 18,00,00,000/- രൂപ (പതിനെട്ടു കോടി രൂപ മാത്രം) പരാമർശം (2) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷാവസാനത്തിന്റെ അവസാന മായതിനാലും സാങ്കേതിക തകരാർ മൂലവും ടി തുക മാറാൻ കഴിഞ്ഞില്ല.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു "2216-80-800-89-ഇ.എം എസ് ഭവനപദ്ധതി - സഹകരണ ബാങ്കുകളിലെയും വാണിജ്യ ബാങ്കുകളിലെയും (എൻപി) നിന്നും ലഭിക്കുന്ന വായ്പകളുടെ പലിശ ബാധ്യത ഏറ്റെടുക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള സഹായം" എന്ന ശീർഷകത്തിൽ ഈ വർഷം 20,81,58,000 രൂപ വകയിരുത്തിയിട്ടുള്ളതിനാൽ, ഇ.എം എസ് ഭവനപദ്ധതിയ്ക്കായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹകരണ ബാങ്കുകളിൽ നിന്ന് അനുവദിച്ച വായ്പ യിന്മേൽ ബാങ്കുകൾക്ക് പലിശയിനത്തിൽ ലഭ്യമാക്കാനുള്ള തുകയിൽ 18,00,00,000/- രൂപ (പതിനെട്ടു കോടി രൂപ മാത്രം) ജില്ലാ സഹകരണ ബാങ്കുകൾക്ക് ആനുപാതികമായി കുടിശ്ശിക പലിശയിനത്തിൽ വിതരണം ചെയ്യുന്നതിനായി അനുവദിച്ച് ഉത്തരവാകുന്നു. ടി തുക 2216-80-800-89(എൻപി) എന്ന ശീർഷകത്തിൽ ഈ വർഷം വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതത്തിൽനിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**
ജോയിന്റ് സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
എല്ലാ സഹകരണ ബാങ്ക് അധികാരികൾക്കും
സഹകരണ വകുപ്പിന്
ധനകാര്യ വകുപ്പിന്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ